# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5214 — 06-02-2014 ന് മറുപടിയ്ക്ക്

## ഹാരിസൺ മലയാളം കമ്പനി കൈമാറുന്ന പാട്ടഭൂമി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എ.കെ. ശശീന്ദ്രൻ**<br>**ശ്രീ. തോമസ് ചാണ്ടി** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) പുതുതായി രൂപീകരിച്ച എൻചാന്റിങ് പ്ലാന്റേഷൻസ്, ഹാർമണി പ്ലാന്റേഷൻസ്, മലയാളം പ്ലാന്റേഷൻസ് കമ്പനികൾക്ക് ഹാരിസൺ മലയാളം കമ്പനി കൈമാറുന്ന പാട്ടഭൂമിയിൽ എത്ര ഏക്കർ വനഭൂമി ഉണ്ടെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇക്കാര്യത്തെക്കുറിച്ച് വനം വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തി വിശദാംശങ്ങൾ അറിയിക്കുമോ; | (എ) & (ബി) വനം വകുപ്പിൽ ചാലക്കുടി ഡിവിഷനുകീഴിലെ മൂപ്ലിവാലി എസ്റ്റേറ്റ് മാത്രമേ ഹാരിസൺ മലയാളം കമ്പനിക്ക് പാട്ടത്തിന് നൽകിയിട്ടുള്ളൂ. എന്നാൽ പുതുതായി രൂപീകരിച്ച എൻചാന്റിങ് പ്ലാന്റേഷൻസ്, ഹാർമണി പ്ലാന്റേഷൻസ്, മലയാളം പ്ലാന്റേഷൻസ് കമ്പനികൾക്ക് മൂപ്ലിവാലി എസ്റ്റേറ്റിലെ പാട്ടഭൂമി കൈമാറുന്ന കാര്യം വനം വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) പുതിയ കമ്പനികൾക്ക് ഭൂമി കൈമാറുന്നതിനുള്ള അംഗീകാരത്തിനായി ഹാരിസൺ മലയാളം കമ്പനി ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിൽ കേരള സർക്കാരിന് വേണ്ടി സത്യവാങ്മൂലം സമർപ്പിക്കാൻ കേരള കമ്പനികാര്യ ലോക്കൽ രജിസ്ട്രാർക്ക് അധികാരമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ'<br><br>(ഡി) എങ്കിൽ കേരള കമ്പനികാര്യ ലോക്കൽ രജിസ്ട്രാറുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുമോ; മേൽ സൂചിപ്പിച്ച പ്രകാരം സത്യവാങ്മൂലം സമർപ്പിക്കാൻ | (സി) & (ഡി) ചാലക്കുടി ഡിവിഷനിലെ വനഭൂമിയുമായി ബന്ധപ്പെട്ട് ഇക്കാര്യം വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

കമ്പനികാര്യ ലോക്കൽ രജിസ്ട്രാർക്ക് അധികാരമില്ലെന്ന് കേന്ദ്ര സർക്കാരിനു വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ ചൂണ്ടിക്കാട്ടിയില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

Ajith
സെക്ഷൻ ഓഫീസർ